(സി) കുറവുള്ള ജീവനക്കാരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) 26 ബസ്സുകൾക്ക് ബോഡി നിർമ്മിച്ചു നൽകിയിട്ടുണ്ട്.

(എഫ്) നടപടി സ്വീകരിക്കുന്നതാണ്.

പെരുമ്പാവൂർ ബസ്സ്റ്റാന്റിന്റെ ശോചനീയാവസ്ഥ

52 [2704] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാന്റ് കെട്ടിടവും ഡിപ്പോയും ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചുറ്റുമതിൽ, ക്യാന്റീൻ കെട്ടിടം, യാർഡ് മുതലായവ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വൈദ്യുതി , വെള്ളം, സാനിറ്ററി എന്നീ സൗകര്യങ്ങൾ പുനഃസ്ഥാപിക്കുമോ;

(ഡി) ബസ്സ്റ്റാന്റ് മന്ദിരം അവസാനമായി പെയിന്റിംഗ് നടത്തിയത് എത്ര കാലം മുമ്പാണ്; പെയിന്റിംഗ് ജോലി ഉടൻ നടത്തുവാൻ നിർദ്ദേശം നൽകുമോ;

(ഇ) പെരുമ്പാവൂരിൽനിന്നും നിർത്തൽ ചെയ്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിനും പുതിയ ദീർഘദൂര സർവ്വീസുകൾ തുടങ്ങുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പെരുമ്പാവൂർ ബസ് സ്റ്റേഷനിലെ ചുറ്റുമതിൽ പുനർനിർമ്മിക്കുന്ന പണി ആരംഭിച്ചുകഴിഞ്ഞു. ബസ്സ് സ്റ്റേഷന്റെ വടക്ക്, കിഴക്ക് വശങ്ങളൊഴികെയുള്ള ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്തെ നിർമ്മാണപ്രവർത്തനം പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ ഇടപെടലിനെത്തുടർന്ന് നിർത്തിവച്ചിരിക്കുകയാണ്. ബസ് സ്റ്റേഷൻ യാർഡ്, കോൺക്രീറ്റ് ചെയ്യുന്ന പണി പുരോഗതിയിലാണ്. ക്യാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

(സി) വൈദ്യുതി നിലവിൽ ലഭ്യമാണ്. വെള്ളം ലഭിക്കുന്നതിനുള്ള സൗകര്യം പുനഃസ്ഥാപിച്ചിട്ടുണ്ട്. സാനിറ്ററി സൗകര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. പണി കഴിയുന്നത്രവേഗം പൂർത്തീകരിക്കുന്നതാണ്.

(ഡി) 1989-90 കാലഘട്ടത്തിലാണ് പെയിന്റിംഗ് പണി നടത്തിയത്. ഓരോ ബസ് സ്റ്റേഷനും പെയിന്റ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ബസ് സ്റ്റേഷന്റെ പെയിന്റിംഗ് പണി നടത്തുന്നതാണ്.

(ഇ) തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly